**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1486** **16-10-2026-ൽ മറുപടിയ്ക്ക്**

**മഹാത്മാഗാന്ധി സർവ്വകലാശാല വൈസ് ചാൻസലർ നിയമനം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. സജി ചെറിയാൻ

ശ്രീ. പി. മമ്മിക്കുട്ടി

ശ്രീ. കെ. വി. സുമേഷ്

ശ്രീ. കെ. കെ. രാമചന്ദ്രൻ

**മറുപടി നൽകിയ മന്ത്രി**

ശ്രീ. റോജി എം. ജോൺ

(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

**(എ)** മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നിലവിലെ വൈസ് ചാൻസലർ നിയമനത്തിനു മുമ്പ് സംസ്ഥാന സർക്കാരിന്റെ അഭിപ്രായമോ പേരുകളുടെ പാനലോ ചാൻസലർ ആവശ്യപ്പെട്ടിരുന്നോ; സർക്കാർ പാനൽ നൽകിയിരുന്നോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

**മറുപടി:** ഇല്ല. മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, ചാപ്റ്റർ III ക്ലോസ് 10(1-9), യു.ജി.സി. റെഗുലേഷൻസ് 2018, ക്ലോസ് 7.3(i-iv) എന്നിവ പ്രകാരമാണ് വൈസ് ചാൻസലറെ തിരഞ്ഞെടുക്കുന്നത്.

**(ബി)** വൈസ് ചാൻസലർ നിയമനത്തിൽ സർവ്വകലാശാലാ നിയമത്തിലെയും യു.ജി.സി. ചട്ടങ്ങളിലെയും യോഗ്യതകളും നടപടിക്രമങ്ങളും പാലിച്ചിട്ടുണ്ടോയെന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ കണ്ടെത്തലുകൾ വ്യക്തമാക്കുമോ;

**മറുപടി:** മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, ചാപ്റ്റർ III ക്ലോസ് 10(1-9), യു.ജി.സി. റെഗുലേഷൻസ് 2018, ക്ലോസ് 7.3(i-iv) എന്നിവ പ്രകാരമാണ് വൈസ് ചാൻസലറെ തിരഞ്ഞെടുക്കുന്നത്.

**(സി)** പ്രസ്തുത നിയമനവുമായി ബന്ധപ്പെട്ട് ഉയർന്ന വിമർശനങ്ങളും പരാതികളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

**മറുപടി:** ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**(ഡി)** സർവ്വകലാശാലയിൽ സ്ഥിരം വൈസ് ചാൻസലറെ നിയമിക്കുന്നതിനുള്ള സെർച്ച് കമ്മിറ്റി രൂപീകരണത്തിന്റെയും തെരഞ്ഞെടുപ്പ് നടപടികളുടെയും നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

**മറുപടി:** മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, ചാപ്റ്റർ III ക്ലോസ് 10(1-8), യു.ജി.സി, റെഗുലേഷൻസ് 2018, ക്ലോസ് 7.3 (ii-iii) എന്നിവ പ്രകാരമാണ് വൈസ്

ചാൻസലറെ തിരഞ്ഞെടുക്കുന്നതിനുള്ള സെർച്ച് കമ്മിറ്റി രൂപീകരിക്കുന്നത്. സംസ്ഥാനത്തെ പൊതു സർവകലാശാലകളിലെ വൈസ് ചാൻസലർ നിയമനത്തിനുള്ള സെർച്ച് കമ്മിറ്റികളിൽ സർവകലാശാലാ സിൻഡിക്കേറ്റുകളിൽ നിന്നുള്ള തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളെ ഉൾപ്പടുത്തി സെർച്ച് കമ്മിറ്റികൾ കാര്യക്ഷമമാക്കുന്നതിനും, യുജിസി മാർഗനിർദേശങ്ങൾ അനുസരിച്ച് വൈസ് ചാൻസലർ നിയമനങ്ങളുടെ പരമാവധി പ്രായപരിധി 70 വയസ്സായി ഏകീകരിക്കുന്നതും ഉദ്ദേശിച്ചു കൊണ്ട് സർവ്വകലാശാല നിയമങ്ങൾ ഭേദഗതിചെയ്യുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**